കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിൽ പങ്കെടുക്കുന്ന ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്കുള്ള ആനുകൂല്യം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.2780/2017/തസ്വഭവ — തിരുവനന്തപുരം, തീയതി, 11.08.2017

വായന :-
1) സ.ഉ.(കൈ.)നം. 135/97/സഹ. തിയതി 13/11/97 നമ്പർ സർക്കാർ ഉത്തരവ്
2) 04.08.2003 ലെ 34947/ഡി.പി.1/03/ത.സ്വ.ഭ. വ. നമ്പർ സർക്കുലർ
3) 19.03.04 ലെ സ.ഉ.(കൈ)നം. 44/04/പൊ.മ.വ. നമ്പർ ഉത്തരവ്
4) ശ്രീ. കെ. സോമപ്രസാദ് എം.പി.യുടെ 23.06.2017-ലെ കത്ത്.
5) നെടുമങ്ങാട് താലൂക്ക് പട്ടികജാതി ലേബർ കോൺട്രാക്ട് സഹകരണ സംഘം പ്രസിഡന്റിന്റെ 17.02.2017-ലെ കത്ത്.
6) കേരള ലേബർ കോൺട്രാക്ട് സഹകരണ വെൽഫയർ അസോസിയേഷൻ പ്രസിഡന്റിന്റെ 03.06.2017-ലെ കത്ത്.
7) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറിയുടെ 03.06.2017-ലെ ULCCS/MEMO/LSGD/ 2017-18 -ാം നമ്പർ കത്ത്.
8) 27.07.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 2.9 നമ്പർ തീരുമാനം

CE
DCE
AO
AA
JS

**ഉത്തരവ്**

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിൽ പങ്കെടുക്കുന്ന ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവ് പ്രകാരം ചില ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 8(1) (ബി) പ്രകാരം ടെണ്ടറിൽ പങ്കെടുക്കുന്ന ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ പ്രവൃത്തി ചെയ്യുന്നതിന് തയ്യാറാകുന്ന പക്ഷം സ്വകാര്യ കോൺട്രാക്ടർമാർ ക്വോട്ട് ചെയ്യുന്ന ഏറ്റവും കുറഞ്ഞ നിരക്കിനേക്കാൾ 10% വരെ അധിക നിരക്കിൽ പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകാവുന്നതാണെന്നും സ്വകാര്യ കോൺട്രാക്ടർ ക്വോട്ട് ചെയ്യുന്നതിനേക്കാൾ 10% കൂടിയ നിരക്കിലാണ് ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ ക്വാട്ട് ചെയ്യുന്നതെങ്കിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ താത്പര്യം കൂടി തേടേണ്ടതാണെന്നും ഉത്തരവായിട്ടുണ്ടായിരുന്നു. ടി ഉത്തരവിലെ ഖണ്ഡിക 10 പ്രകാരം ഇ.എം.ഡി.യും സെക്യൂരിറ്റി ഡെപ്പോസിറ്റും ഒടുക്കേണ്ടതില്ലെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവിലൂടെ നൽകിയിരുന്ന ആനുകൂല്യങ്ങളിൽ ഉൾപ്പെട്ട 8(1)(ബി), 10 എന്നീ ഖണ്ഡികകൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ കോൺട്രാക്ട് വർക്കുകൾ നൽകുന്നതിന് ബാധകമല്ല എന്ന് മുകളിൽ രണ്ടാമതായി വായിച്ച സർക്കുലറിലൂടെ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. സഹകരണ വകുപ്പിന്റെ സൂചന ഒന്നിലെ ഉത്തരവിലെ 8(1)(ബി) ഖണ്ഡിക, മുകളിൽ മൂന്നാമതായി വായിച്ച ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ ദർഘാസിൽ പങ്കെടുക്കണമെന്നും അങ്ങനെ പങ്കെടുക്കുന്ന പക്ഷം സംഘങ്ങൾക്ക് 10% പ്രൈസ് പ്രിഫറൻസ് അനുവദിക്കാവുന്നതാണെന്നും ഭേദഗതി വരുത്തി പൊതുമരാമത്ത് വകുപ്പ് ഉത്തരവായിരുന്നു. ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന ടെണ്ടറുകൾക്ക് 10% ശതമാനം അധികരിച്ചനിരക്ക് പുന:സ്ഥാപിക്കണമെന്ന് മുകളിൽ നാലാമതായി വായിച്ച കത്ത് പ്രകാരം ശ്രീ. കെ. സോമപ്രസാദ് എം.പി.യും കേരള ലേബർ കോൺട്രാക്ട് സഹകരണ വെൽഫയർ അസോസിയേഷൻ, നെടുമങ്ങാട് താലൂക്ക് പട്ടികജാതി ലേബർ കോൺട്രാക്ട് സഹകരണ സംഘം, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി എന്നിവർ വായന 5-7 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) 27.07.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി ഇക്കാര്യം വിശദമായി പരിശോധിച്ചു. തൊഴിലാളികളുടെ സൊസൈറ്റികളെ പ്രോത്സാഹിപ്പിക്കേണ്ടത് ഒരു സാമൂഹ്യ ബാധ്യതയാണെന്ന് യോഗം നിരീക്ഷിക്കുകയും താഴെ പറയുന്ന വ്യവസ്ഥകളോടെ 10% അധികനിരക്ക് ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് അനുവദിക്കാൻ 2.9 നമ്പറായി തീരുമാനിക്കുകയും ചെയ്തു. ആയതിന്റെ

അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾക്ക് ത.സ്വ.ഭ.സ്ഥാപനങ്ങളിലെ ടെണ്ടർ വർക്കുകൾക്ക് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത പ്രൈവറ്റ് കോൺട്രാക്ടറേക്കാൾ 10% അധികനിരക്ക് അനുവദിച്ച് ഉത്തരവാകുന്നു.

i). നിർമ്മാണ പ്രവർത്തനങ്ങൾ നേരിട്ട് ഏറ്റെടുത്ത് പൂർത്തീകരിക്കാൻ കഴിയുന്ന ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾക്ക് മാത്രമേ മുൻഗണനാ ആനുകൂല്യങ്ങൾ അനുവദിക്കാൻ പാടുള്ളൂ.

ii) ഏറ്റവും ഒടുവിലത്തെ സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന പ്രകാരമുള്ള തുകയ്ക്കുള്ള നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തിയാക്കിയിരിക്കണം.

(a) A ക്ലാസ്സ് ലേബർ സഹകരണ സംഘം - 500 ലക്ഷം രൂപ

(b) B ക്ലാസ്സ് ലേബർ സഹകരണ സംഘം - 300 ലക്ഷം രൂപ

(c) C ക്ലാസ്സ് ലേബർ സഹകരണ സംഘം - 100 ലക്ഷം രൂപ

എന്നാൽ 2017-18 വർഷത്തേക്ക് മാത്രം അർഹത കണക്കാക്കുന്നതിന് 2015-16, 2016-17 വർഷങ്ങളിലെ നിർമ്മാണ പ്രവൃത്തികളുടെ ആകെ തുക പരിഗണിക്കാവുന്നതാണ്.

iii) മേൽ കാര്യങ്ങൾ സാക്ഷ്യപ്പെടുത്തിക്കൊണ്ട് സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാറിൽ നിന്നുള്ള സാക്ഷ്യപത്രം ഓരോ ടെണ്ടറിന്റേയും കൂടെ ഹാജരാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ശ്രീ. കെ. സോമപ്രസാദ് എം.പി.(ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
പ്രസിഡന്റ്, നെടുമങ്ങാട് താലൂക്ക് പട്ടികജാതി ലേബർ കോൺട്രാക്ക് സഹകരണ സംഘം
പ്രസിഡന്റ്, കേരള ലേബർ കോൺട്രാക്ട് സഹകരണ വെൽഫയർ അസോസിയേഷൻ
സെക്രട്ടറി, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി
സഹകരണവകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം
(ഒപ്പ്)
സെക്ഷൻ ഓഫീസർ